Non-assignment of Puduval lands to Pulayas of Valiavattam and Chullikad.

503. മിസ്റ്റർ കെ. പി. വള്ളോൻ—പാലിയത്തെ സ്ഥലത്തു താമസിയ്ക്കുന്ന പുലയർക്കു പുതുവൽ സ്ഥലങ്ങൾ പതിച്ചു കൊടുത്തുകൂടെന്നു വല്ല നിയമവുമുണ്ടോ;

ഇല്ലെങ്കിൽ വലിയവട്ടം, ചുള്ളിക്കാടു് എന്നീ ദേശക്കാരായ അധഃകൃതർക്കു പുതുവൽ പതിച്ചുകൊടുക്കാതിരിക്കുവാനുള്ള കാരണമെന്തു്?

മിസ്റ്റർ യു. കണ്ടർമേനോൻ.—ഇല്ല.

പാലിയത്തെ വകസ്ഥലത്തു താമസിക്കുന്ന പുലയർക്കു അവർ താമസിയ്ക്കുന്ന സ്ഥലത്തിനടുത്തുള്ള പുറമ്പോക്കു സ്ഥലങ്ങൾ കൊടുക്കുവാൻ ആലോചിച്ചുവരുന്നുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ചുള്ളിക്കാടു്, വലിയവട്ടം മുതലായ സ്ഥലങ്ങളിൽ പുരവയ്ക്കുന്നതിനു സ്ഥലങ്ങളുള്ളതായി ഗവർമ്മെണ്ടിനു് അറിയാമോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—പരിശോധിക്കാതെ പറയാൻ തരമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—പാലിയത്തു പുലയർ ഉണ്ടോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—പാലിയത്തെ സ്ഥലത്തു താമസിക്കുന്നു എന്നർത്ഥത്തിലാണു് അങ്ങിനെ പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ കെ. അയ്യപ്പൻ.—പാലിയത്തെ പുലയർ എന്നു പറഞ്ഞാൽ പാലിയത്തെ slaves ആണെന്നുവരാൻ ഇടയുണ്ടോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—അങ്ങിനെ ഒരർത്ഥവും വച്ചു പറഞ്ഞിട്ടുള്ളതല്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—അതു തിരുത്തുവാൻ വിരോധമുണ്ടോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—വിരോധമില്ല.

മിസ്റ്റർ കെ എം. ഇബ്രാഹിം.—ഈ ആലോചന എപ്പോൾ ഫലപ്രദമാകും?

മിസ്റ്റർ യു. കണ്ടർമേനോൻ.—കഴിയുന്നതും വേഗത്തിൽ.

Refusal to assign lands to Pulayan Kunjan.

504. മിസ്റ്റർ കെ. പി. വള്ളോൻ.—കാച്ചുന്തിരുത്തു നിവാസികളായ പുലയർക്കു സ്ഥലം കൊടുത്ത അവസരത്തിൽ പാലത്തു കുഞ്ഞൻ എന്നൊരു പുലയനുമാത്രം മനഃപൂർവ്വം കൊടുക്കാതിരിയ്ക്കുവാൻള്ള കാരണമെന്തു്?

മിസ്റ്റർ യു. കണ്ടർമേനോൻ.—പാലത്തു കുഞ്ഞന്റെ അപേക്ഷ കിട്ടിയിട്ടില്ല. ടിയാനും ശേഷമുള്ളവരെപ്പോലെ സ്ഥലം തിരിച്ചു കൊടുക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ.—ഓരോ ദിക്കിലും അപേക്ഷകന്മാരല്ലാത്തവക്ക് സംരക്ഷകൻ സ്ഥലം പതിച്ചുകൊടുക്കാറുണ്ടോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—ചെയ്യുണ്ടതാണ്. അതു അപേക്ഷിച്ചു വേണ്ടതു ചെയ്യാം.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിൽ ഒരാളുടെ അപേക്ഷകിട്ടിയിട്ടില്ലെന്നു പറയുന്നു. അയാൾക്കും കൊടുക്കേണ്ടതല്ലേ?

മിസ്റ്റർ യു. കണ്ടർമേനോൻ.—ആവശ്യമുള്ളവർ അപേക്ഷിച്ചാൽ കൊടുക്കും.

Assignment of Puduval lands to Depressed Classes.

505. മിസ്റ്റർ കെ. പി. വള്ളോൻ.—പുറമ്പോക്കു സ്ഥലങ്ങൾ അധഃകൃത സ്ത്രീകൾക്കു കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക്?

മിസ്റ്റർ യു. കണ്ടർമേനോൻ.—ഉണ്ട്.

ഞാറയ്ക്കൽ പുറമ്പോക്കു സ്ഥലത്തിൽനിന്ന് ഫ 0 അധഃകൃതസ്ത്രീകൾക്കു പാർക്കുവാൻ സ്ഥലം കൊടുത്തിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഫ 0 സ്ത്രീകൾക്കു സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടെന്നുപറയുന്നു. മറ്റുള്ള സ്ത്രീകൾക്കു കൊടുക്കാതിരിക്കുന്നതിന്റെ കാരണമെന്താണ്?

മിസ്റ്റർ യു കണ്ടർമേനോൻ.—ഓരോരുത്തർക്കു കുറേശ്ശെ കൊടുത്തുവരുന്നുവെന്നല്ലാതെ പ്രത്യേകിച്ചുകാരണമൊന്നുമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഫ 0 സ്ത്രീകൾക്കു കൊടുപ്പാൻ പ്രത്യേകിച്ചു വല്ല കാരണവുമുണ്ടോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—അതൊന്നുമില്ല.

Requests for extension of term to Mr. Pappali, Inspector of Police at Cranganur.

506. മിസ്റ്റർ കെ. പി. വള്ളോൻ—ഇൻസ്പെക്ടർ മിസ്റ്റർ പപ്പാളിയെ കുറെനാളത്തെയ്ക്കുകൂടി കൊടുങ്ങല്ലൂർക്കു നീട്ടികൊടുക്കണമെന്നുള്ള അപേക്ഷയായി എത്ര കമ്പ'കം സർവ്വമെണ്ടിലേയ്ക്കു കിട്ടിയിട്ടുണ്ട്?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഫ 0 കമ്പി കിട്ടീട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—കൊടുങ്ങല്ലൂർ നിവാസികളിൽനിന്നും ഫ 0 കമ്പികൾ കിട്ടിയിട്ടുണ്ടെന്നു മറുപടി പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ചു വല്ലനിവാരണങ്ങളും സർവ്വമെണ്ടിൽനിന്നു ചെയ്തുകൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—സാധാരണയായി ഇൻസ്പെക്ടരെ സ്ഥലംമാറുന്നസംഗതിയിൽ സ്ഥലനിവാസികളോട് അഭിപ്രായം ചോദിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly